Page 1 of 3

(സി) കോവിഡ്-19 മഹാമാരിക്കുശേഷം മരണസംഖ്യ കൂടുകയും ഈ സർട്ടിഫിക്കറ്റിന് ആളുകൾ കൂടിവരികയും ചെയ്ത സാഹചര്യത്തിൽ അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിലെ നടപടികൾ ലഘൂകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

&

(ഡി) ഗസറ്റ് നോട്ടിഫിക്കേഷന് പകരം അവകാശികളുടെ പേര് പത്ര പരസ്യം ചെയ്ത് അവകാശ സർട്ടിഫിക്കറ്റ് നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**പട്ടയ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ച്**

345 (955) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതും സ്വാഭാവികമായി കിളിർത്ത് വന്നതുമായ മരങ്ങൾ മുറിക്കുന്നതുസംബന്ധിച്ച് വ്യക്തത വരുത്താൻ റവന്യൂ വകുപ്പ് 11-3-2020-ന ഇറക്കിയ ഉത്തരവ്, വൺ എർത്ത് വൺ ലൈഫ് (one earth one life) സംഘടന നൽകിയ കേസിൽ കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നോ?

വൺ എർത്ത് വൺ ലൈഫ് (one earth one life) എന്ന സംഘടന ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) 13678/2020 നമ്പർ കേസിലെ 8-7-2020-ലെയും 21-8-2020-ലെയും ഇടക്കാല വിധികളിൽ 11-3-2020-ലെ യു3/187/2019/റവന്യൂ നമ്പർ സർക്കുലർ സ്റ്റേ ചെയ്തിട്ടുണ്ട്.

**പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ വൻകിട എസ്റ്റേറ്റുകൾ**

346 (956) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള വൻകിട എസ്റ്റേറ്റുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

പെരിങ്ങമ്മല വില്ലേജ് പരിധിയിൽ ഉൾപ്പെട്ടവ :

1. ബ്രൈമൂർ എസ്റ്റേറ്റ്

2. വുഡ് ലാൻഡ് എസ്റ്റേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തെന്നൂർ വില്ലേജ് പരിധിയിൽ ഉൾപ്പെട്ടവ:

1. ഇൻവർകാട് എസ്റ്റേറ്റ്

2. പൊന്മുടി എസ്റ്റേറ്റ്

3. മെർക്കിൻസ്റ്റൺ എസ്റ്റേറ്റ്

4. പുതുക്കാട് എസ്റ്റേറ്റ്.

(ബി) പ്രസ്തുത എസ്റ്റേറ്റുകളുടെ ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കാണെന്ന് അറിയിക്കാമോ?

സ്വാതന്ത്ര്യത്തിനുമുമ്പ് വിദേശ കമ്പനികളും പൗരന്മാരും കൈവശം വച്ചിരുന്ന ഭൂമിയിന്മേൽ സർക്കാർ ഉടമസ്ഥത സ്ഥാപിക്കുന്നതിന് 6-6-2019-ലെ ജി.ഒ (എംഎസ്.) 172/2019/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. തോട്ടം തണ്ടപ്പേർ രജിസ്റ്റർ പ്രകാരം ഭൂമി നിലവിൽ കൈവശംവച്ചുവരുന്നവരുടെ വിവരം താഴെക്കൊടുക്കുന്നു :

| ബ്രൈമൂർ എസ്റ്റേറ്റ് | ദി ബ്രൈമൂർ എസ്റ്റേറ്റ് ലിമിറ്റഡ്, പട്ടം, പ്ലാമൂട്, തിരുവനന്തപുരം എന്ന പേരിൽ |
|---|---|
| (1) | (2) |
| വുഡ് ലാൻഡ് എസ്റ്റേറ്റ് | വർദ്ധിനി പ്ലാന്റേഷൻ, പട്ടം പാലസ് പി.ഒ., എന്ന പേരിൽ |
| ഇൻവർകാട് എസ്റ്റേറ്റ് | കുളത്തുപ്പുഴ എ.പി. നൈനാൻ സൺസ് കമ്പനി മാനേജിംഗ് പാർട്ണർ, അഞ്ചൽ എന്ന പേരിൽ |
| മെർക്കിൻസ്റ്റൺ എസ്റ്റേറ്റ് | സേവി മനോ മാത്യു, S/o ജോൺ മാത്യു ഡയറക്ടർ M/s. സതേൺ ഫീൽഡ് വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് പേരിൽ |
| പൊന്മുടി എസ്റ്റേറ്റ് | 1. തിരുവനന്തപുരം കവടിയാർ ജവഹർ നഗർ താമസം ഈപ്പൻ മകൻ കുര്യൻ ഇ. കുളത്തിൽ<br>2.എം. ചെട്ടിയപ്പൻ, ദേവി മഹാലക്ഷ്മി,അഡയാർ ക്ലബ് റോഡ് മദ്രാസ് |

| | |
|---|---|
| | 3.സാറാമ്മ ജോർജ്ജ് വലിയചാമക്കാല വീട്, കൊട്ടാരക്കര<br>4. അഴകപ്പ ചെട്ടിയാർ, കൊട്ടിയൂർ, രാമനാട്ട് എന്നിവർ പേരിൽ |
| പുതുക്കാട് എസ്റ്റേറ്റ് | യൂണിയൻ കാർഡമം പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ വി.കെ. ഈപ്പൻ പേരിൽ |

(സി) സർക്കാർ ഭൂമി ഏതെങ്കിലും വ്യവസ്ഥയിൽ കരാർ ചെയ്ത് നടത്തുന്ന എസ്റ്റേറ്റുകൾ ഇവിടെ നിലവിലുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്നും എന്ത് വ്യവസ്ഥയിന്മേലാണ് ഭൂമി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

&

(ഡി) അപ്രകാരമുള്ള ഓരോ എസ്റ്റേറ്റുകളുടെയും വിസ്തൃതി എത്രയെന്ന് അറിയിക്കാമോ?

ഇല്ല; ബാധകമല്ല.

**കോഴിക്കോട് ജില്ലയിലെ റീസർവ്വേ നടപടികൾ**

347 (957) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ റീസർവ്വേ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ സർക്കാർ ഭൂമി കയ്യേറ്റമുൾപ്പെടെ (വനഭൂമി പുറമ്പോക്ക്) റിപ്പോർട്ട് ചെയ്യപ്പെടുകയും ആയതുമൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്ന സാഹചര്യത്തിൽ റീസർവ്വേ പൂർത്തീകരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ കോഴിക്കോട്, വടകര, കൊയിലാണ്ടി, താമരശ്ശേരി എന്നീ താലൂക്കുകളിലായി ആകെയുള്ള 118 വില്ലേജുകളിൽ 14 വില്ലേജുകളുടെയും 4 ദേശങ്ങളുടെയും റീസർവ്വേ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി 104 വില്ലേജുകളുടെയും 2 ദേശങ്ങളുടെയും റീസർവ്വേ ജോലികൾ ശേഷിക്കുന്നു. ഇതിൽ 2 വില്ലേജുകളുടെയും 2 ദേശങ്ങളുടെയും റീസർവ്വേ ജോലികൾ പുരോഗമിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ ഭൂരേഖ തയ്യാറാക്കുക, ടി രേഖകൾ റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളിലെ ഭൂസംബന്ധമായ സേവനങ്ങളുമായി സംയോജിപ്പിച്ച് മാപ്പ് ഉൾപ്പെടെയുള്ള സേവനം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ

LIBRARY ARCHIVES Kerala Legislative Assembly